(സി) പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്തുനടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ പത്രമാധ്യമങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും പ്രസിദ്ധപ്പെടുത്തുകയും ടെണ്ടർ ഷെഡ്യൂൾ വെബ്സൈറ്റിൽനിന്ന് ഡൗൺ ലോഡ് ചെയ്യുവാൻ അവസരം നൽകുകയും ചെയ്തതുമൂലം ഈ മേഖലയിൽ സുതാര്യത ഉറപ്പുവരുത്തുവാനും കൂടാതെ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുവാനും സാധിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർണ്ണമായും സുതാര്യമാക്കുന്നതിലേക്കായി ഇ-ടെണ്ടർ സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടോൾഫ്രീ ഫോൺ സംവിധാനം നടപ്പിലാക്കുകവഴിയും, വിവരാവകാശ നിയമത്തിന്റെ ശരിയായ നടത്തിപ്പിലൂടെയും വകുപ്പ് വെബ്സൈറ്റിന്റെ സഹായത്തിലൂടെയും പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. കൂടാതെ വകുപ്പിലെ എല്ലാതലത്തിലേയും ഉദ്യോഗസ്ഥരുടെ സൂക്ഷ്മമായ പരിശോധനയിലൂടെയും വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിലൂടെയും പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ അഴിമതിരഹിതമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പരിഗണനയിലാണ്.

പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ്

191 (641) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ പണികളിൽ ഉദ്യോഗസ്ഥരും കരാറുകാരും അഴിമതി നടത്തുന്നു എന്ന് വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ അഴിമതി അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് പണികൾ സുതാര്യമായും അഴിമതിരഹിതമായും നടത്തുന്നതിന് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടികൾ സുതാര്യമാക്കിയും വിവരാവകാശ നിയമത്തിന്റെ ശരിയായ നടത്തിപ്പിലൂടെയും പ്രവൃത്തികൾ അഴിമതിരഹിതമായി നടത്താനുള്ള നടപടിയെടുത്തിട്ടുണ്ട്. വകുപ്പിലെ വിജിലൻസ് വിഭാഗവും ധനകാര്യവകുപ്പിന്റെ കീഴിലുള്ള ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ആഭ്യന്തരവകുപ്പിന് കീഴിലെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ വിഭാഗവും കർശനമായ പരിശോധനകളും റെയ്ഡുകളും മറ്റുംനടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. കൂടാതെ ടെണ്ടർ ഫോറങ്ങൾ നെറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുന്നതിനും പോസ്റ്റുവഴി സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ റോഡ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാരും തങ്ങളുടെ സെക്ഷൻ ഓഫീസിന്റെ പരിധിയിൽവരുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തനം അറ്റകുറ്റപ്പണികൾ സംബന്ധിച്ചവിവരം എന്നിവ രേഖപ്പെടുത്തി കരാറുകാരൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സ്ഥലം എം.എൽ.എ. എന്നിവരുടെ ഒപ്പോടുകൂടി ചീഫ് എഞ്ചിനീയർക്കും മന്ത്രിയുടെ ഓഫീസിലും ലഭ്യമാക്കുന്ന തരത്തിലുള്ള സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഇപ്പോൾത്തന്നെ നടപ്പിലാക്കിയിട്ടുണ്ട്.

ഫുട്പാത്തുകൾ കാൽനടയോഗ്യമാക്കുന്നതിന് നടപടി

192 (642) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ റോഡുകളോടുചേർന്ന് കാൽനടയ്ക്കായുള്ള സ്ഥലങ്ങൾ മിക്കതും ഉപയോഗപ്രദമല്ലാതെ കുഴികളായി കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥലങ്ങളിൽ കാൽനടക്കാർ അപകടത്തിൽപ്പെടുന്നത് പതിവാണെന്നത് കണക്കിലെടുത്ത് ഫുട്പാത്തുകൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി കാൽനടയ്ക്ക് യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം നഗരവികസന പദ്ധതിയിലുൾപ്പെടുത്തി കേരള റോഡ് ഫണ്ട് ബോർഡ് നവീകരിക്കുന്ന റോഡുകളിലെല്ലാംതന്നെ ഇരുവശങ്ങളിലും 1.5 മുതൽ 2 മീറ്റർവരെ വീതിയുള്ള ഫുട്പാത്ത് നിർമ്മിക്കുന്നതിനും ഫുട്പാത്തുകളിൽ പോളിമർകോട്ടഡ് ടൈലുകൾ പാകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് പ്രധാന റോഡുകളിലും ഫുട്പാത്തുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്തുവരുന്നു.

റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ

193 (643) ശ്രീ. സാജു പോൾ :
ശ്രീ. വി. ശശികുമാർ :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപണികൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly